# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 183

07.08.2017 ൽ മറുപടിക്ക്

## ഗെയിൽ പ്രകൃതി വാതകക്കുഴൽ സ്ഥാപിക്കുന്ന പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. പിണറായി വിജയൻ |
| (എ) | സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതകക്കുഴൽ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | സംസ്ഥാനത്തെഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻപദ്ധതിയുടെ സ്ഥലംഏറ്റെടുക്കലും നിർമ്മാണപ്രവർത്തനങ്ങളും അന്തിമഘട്ടത്തിലാണ്. .എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മംഗലാപുരം പൈപ്പ് ലൈനിന്റെ പ്രാരംഭസർവ്വേ നടപടികളും, 6(1) ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചനാമ (മഹസർ) തയ്യാറാക്കുന്ന നടപടികളും പൂർത്തീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഏതൊക്കെ ജില്ലകളിൽ ഇതിനകം പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി; ഇനി ഏതൊക്കെ ജില്ലകളിൽ സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാനുണ്ട്; | (ബി) | കേരളത്തിലെ ഏഴുജില്ലകളിലെ ഭൂവിനിയോഗാവകാശ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | എത്ര തുക ഇതിനകം നഷ്ടപരിഹാരമായി വിതരണം ചെയ്തു; ഇനി എത്ര തുക വിതരണം ചെയ്യാനായി ബാക്കിയുണ്ട്; | (സി) | നഷ്ടപരിഹാരമായി 202 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ ഭൂമിയുടെ ഉപയോഗാവകാശത്തിനുള്ള (ROU) നഷ്ടപരിഹാരമായി 114 കോടി രൂപയും ഇതിലെ ചമയങ്ങൾക്കും വിളകൾക്കുമായി 88 കോടി രൂപയുമാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ ഭൂമിക്കും ചമയങ്ങൾക്കും, വിളകൾക്കുമായി 16.5 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. |
| (ഡി) | പദ്ധതിക്കെതിരെ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഉയർന്നു | (ഡി) | പദ്ധതിക്കെതിരെ വ്യാപക പ്രതിഷേധം ഉണ്ടായിട്ടില്ല ചില ജില്ലകളിൽ ഭൂമിയുടെ ഉപയോഗാവകാശം |

| | | | |
|---|---|---|---|
| | വരുന്ന ശക്തമായ ജനരോഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | ഏറ്റെടുക്കുന്നതിനെതിരെ ഭൂവുടമകളുടെ പ്രതിഷേധങ്ങൾ ഉണ്ടായിരുന്നു. ഇവ രമ്യമായി പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| **(ഇ)** | ആയത് പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സമാവുമെന്ന് കരുതുന്നുണ്ടോ; | **(ഇ)** | ഇല്ല. |
| **(എഫ്)** | ഇല്ലെങ്കിൽ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ? | **(എഫ്)** | 2018 ഡിസംബറോറ്റുകൂടി കമ്മീഷൻ ചെയ്യാനാണ് ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് ലക്ഷ്യമിട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**